# Weekly Devotion - November 2016

## Humility (താഴ്മ) Week-4




താഴ്മയുള്ളവർ ദൈവീക ചിന്തയുള്ളവരും നിഗളികൾ സ്വാർത്ഥ ചിന്തയുള്ളവരുമാണ്, ഉരളക്കിഴങ്ങ് കൃഷിചെയ്ത ഒരു സ്ത്രീയെപ്പറ്റി ഒരു കഥ കേട്ടിട്ടുണ്ട്. കൃഷി ചെയത് വിളവുമോശമായാൽ കാണുന്നവരോടെല്ലാം പരാതിയും പരിഭവം പറച്ചിലും നടത്തും. എന്നാൽ വിളവ് നന്നായി ലഭിച്ചാലും പരിഭവം മാത്രമാണ് അവർ പറയുന്നത്. നല്ലത് ലഭിച്ചു എന്ന് പറയാറില്ല. വിളവ് നല്ലതാകുമ്പോൾ ഇനി പന്നിയ്ക്ക് എന്ത് കൊടുക്കുമെന്നാണ് ചിന്ത. താഴ്മയും, ദൈവ ഭക്തിയും ഉള്ളവർക്കുമാത്രമേ  ഏതിലും നന്മകാണുവാനും ദൈവത്തിന് നന്ദി പറയുവാനും കഴിയുകയുള്ളു. താഴ്മയുള്ളവർക്ക് നിഗളമനോഭാവം ഉണ്ടാകുകയില്ല.

കിരീടാവകാശി ആയ സമയത്ത് എലിസബേത്ത് രാജ്ഞി വല്യമ്മച്ചിയായ മേരി രാജ്ഞിയോടൊപ്പം ഷോപ്പിംഗിന് പോയി അപ്പോഴേക്കും കടയുടെ മുൻപിൽ കിരീടാവകാശിയെ കാണുവാൻ ആളുകൾ കൂടി. വേഗമാകട്ടെ, ആളുകൾ എന്നെ കാണുവാൻ കൂടുന്നു, എന്ന എലിസബേത്ത് രാജ്ഞിയുടെ അഹങ്കാരത്തിന്റെ വാക്കുകൾ മേരി രാജ്ഞിക്കിഷ്ടമായില്ല, മകളുടെ തെറ്റ് അമ്മ തിരുത്തി. അഹങ്കാരം ഉള്ളിൽ ഉള്ളവളെ ജനം കാണേണ്ട എന്ന് വിലക്കി, വേഗം കൊട്ടാരത്തിൽ എത്തിച്ചു. നമ്മെ ജനം സ്നേഹിക്കുന്നത് നിഗളികളായ ഭരണാധികാരികളായിട്ടല്ല പിന്നെയോ താഴ്മയുള്ള, സ്നേഹമുള്ള സേവകരായിട്ടായിരിക്കണം എന്ന തത്വം അമ്മ മകൾക്ക് മനസ്സിലാക്കി കൊടുത്തു.

“ താണനിലത്തെ നീരോടു അവിടെ ദൈവം തുണ ചെയ്യു”. എന്ന പഴഞ്ചെല്ല് വചന പ്രകാരവും സത്യം തന്നെയാണ്. ദൈവപുത്രൻ ശാന്തതയുള്ള സ്വഭാവത്തിന്റെ ഉടമയായി മനുഷ്യപുത്രനായി ഭൂമിയിൽ വന്നതു തന്നെ താഴ്മ മൂലമാണ്.

ദൈവപുത്രന്റെ താഴ്മ മൂലം ഭൂമിയിൽ വന്നതിനാൽ അവന്റെ സ്വാഭത്തിന്റെ ഏറ്റവും പ്രധാന പ്രത്യേകത നാം കണ്ടു. അവൻ ആരെയും ശ്രദ്ധയോടെ കേട്ടിരുന്നു. കൂടാതെ ശാന്തനായി തെറ്റ് തിരുത്തുകയും ചെയ്യ്തു. ഒരിക്കൽ ശാസ്ത്രിമാരും പരീശ

ന്മാരും വ്യഭിചാരത്തിൽ പിടിച്ചിരുന്ന ഒരു സ്ത്രിയെ യേശുവിന്റെ അടുക്കൽ എത്തിച്ചു. മോശയുടെ സായപ്രമാണം അനുസരിച്ച് അവളെ കല്ലെറിഞ്ഞ് കൊല്ലുകയാണ് വേണ്ടത്. ശാന്തനായി എല്ലാ വരുടെയും ആരോപണം കേട്ട യേശു കുനിഞ്ഞ് നിലത്ത് വിരൽ കൊണ്ട് എഴുതിക്കൊണ്ടിരുന്നു. “ നിങ്ങളിൽ പാപമില്ലാത്തവർ അവളെ ഒന്നാമതു കല്ല് എറിയട്ടെ” എന്ന് യേശു പറഞ്ഞപ്പോൾ കല്ലെടുത്തവർ ഓരോരുത്തരായി മനസ്സാക്ഷിയുടെ ആക്ഷേപം ഹേതുവായി മൂത്തവരും ഇളയവരും ഓരോരുത്തനായി വിട്ടുപോയി. മരണത്തെ മുഖാമുഖം നോക്കി ഭയത്തോടെ നിന്ന സ്ത്രീയോട് ഞാൻ നിനക്ക് ശിക്ഷ വിധിക്കുന്നില്ല. ശിക്ഷവിധിക്കാൻ വന്ന മറ്റുള്ളവരും പോയി എന്നാൽ ഇനി പാപം ചെയ്യരുത് എന്ന ആശ്വാസവാക്കുകൾ അവളെ മാനസാന്തരത്തിലേക്ക് നയിച്ചു. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നവരുടെ വാക്കുകൾ കേൾക്കുവാനോ, ആശ്വസിപ്പിക്കുവാനോ ഒരു തത്വസംഹിതയ്ക്കും കഴിയുകയില്ല. ഇവരോട് യേശുവിനെപ്പറ്റി പറയുവാനും പ്രശ്ന പരിഹാരം വചനത്തിൽ കൂടി കാണിച്ചുകൊടുപ്പാനും നാം തയാറായാൽ നല്ല വ്യത്യാസം സമൂഹത്തിലുണ്ടാകും അതിൽ അപര്യാപ്തത നേരിടുന്നുവെന്നതല്ലെ ഇന്നത്തെ ആത്മഹത്യയുടെയും, കലഹത്തിന്റെയും ഒക്കെ നിരക്ക് വർദ്ധിപ്പാൻ കാരണം?




എനിയ്ക്കാരുടെയും സഹായം ആവശ്യമില്ല എന്ന് കരുതുന്നവർ താഴ്മ നഷ്ടപ്പെട്ട നിഗളികളാണ്. ഇവർ യേശുവിന്റെ സ്വഭാവത്തിന്റെ പ്രത്യേകത ശ്രദ്ധിക്കുന്നത് നല്ലതാണ്. അടയാളങ്ങളുടെ ആരംഭം കാനാവിൽ നടന്നപ്പോൾ കല്പാത്രങ്ങളിൽ വെള്ളം നിറയ്ക്കുവാനും, കോരിക്കൊടുപ്പാനും ശുശ്രൂഷകരെ ആവശ്യം വന്നു. അഞ്ച് അപ്പവും രണ്ടും മീനും യേശുവിന്റെ കയ്യിൽ എത്തിയ്ക്കുവാനും, വാഴ്ത്തിയപ്പോൾ ആ നുറുക്കുകൾ വിളമ്പുവാനും ശേഷിച്ചത് ശേഖരിപ്പാനും യേശു മറ്റുള്ളവരുടെ സഹായം ചോദിച്ചു. ഇപ്രകാരം പലതരത്തിൽ നാമും പ്രവർത്തിക്കുമ്പോഴാണ് കുടുംബം, സമൂഹം, സഭ, എല്ലാം അനുഗ്രഹിക്കപ്പെടുന്നത്.

ഒരു ചെറിയ നന്മ ആർക്കുചെയ്താലും പടം സഹിതം Facebook ൽ ഇടുന്നവർ യേശുവിനെ നോക്കുക, തന്റെ പ്രവർത്തികളെ പരസ്യപ്പെടുത്താൻ യേശു ആരെയും പ്രോത്സാഹിപ്പിച്ചില്ല. സ്ഥാനമാനമോ, പ്രശസ്തിയോ യേശു ആഗ്രഹിച്ചില്ല. പാപികളോടൊപ്പം, ഇരിക്കുന്നവൻ,

വേശ്യകളുടെ സ്നേഹിതൻ എന്നൊക്കെ പരിഹസിച്ചപ്പോഴും ശാന്തനായിരുന്നു യേശു. ഇന്ന് കണ്ട്, നളെ ഇല്ലാതാകുന്ന മനുഷ്യകൃമികളുടെ പാഴ്വാക്കുകേട്ട് തളരേണ്ടവനല്ല യേശു. അദ്ദേഹത്തിന് ലക്ഷ്യം ഉണ്ട് ,അത് പിതാവിന്റെ ഹിതമാണ്.

ഇതുപോലെ നാമും സ്വർഗ്ഗീയ പിതാവിന്റെ ഹിതമനുസരിച്ച് പ്രവർത്തിക്കേണ്ടവരാണ്. നിങ്ങളുടെ മേലുദ്യോഗസ്ഥരോ, സഹപ്രവർത്തകരോ, സഹോദരങ്ങളോ ആര് മോശമായി സംസാരിച്ചാലും, തളർന്ന് പോകരുത്. ' ഞാൻ യേശുവിന്റെ പൈതൽ', എന്ന് ആവർത്തിച്ച് പറഞ്ഞ് ശക്തിപ്പെടുക. യഹോവ എന്റെ പക്ഷത്തുണ്ട്, മനുഷ്യർക്ക് എന്നോട് ഒന്നും ചെയ്യുവാൻ കഴിയുകയില്ല എന്ന് വിശ്വസിച്ച് താഴ്മയോടെ പ്രതികൂലങ്ങളെ നേരിടുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. പ്രതികൂലത്തിലായവരെ ആശ്വസിപ്പിക്കുവാനും, നല്ല ഉപദേശം നൽകുവാനും ദൈവം കൃപചെയ്യട്ടെ.

## പ്രാർത്ഥന

നാവിന്റെ ശാന്തത ജീവവൃക്ഷം എന്നും അതിന്റെ വക്രതയോ മനോവ്യസനം എന്നും ഞങ്ങളെ പഠിപ്പിച്ച ദൈവമേ ! ഞങ്ങളുടെ നാവ് നിഗളികളുടേതാകാതെയിരിപ്പാൻ കൃപ ചൊരിയേണമേ. യേശുവിന്റെ വാക്കുകൾ അനുസരിക്കുന്നവരായിരിപ്പാൻ സഹായിക്കേണമേ.

ആമേൻ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind